# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1849 | 17.06.2013-ൽ മറുപടിയ്ക്ക്

### സീബ്രാലൈനിലേക്ക് കയറ്റി നിർത്തുന്ന വാഹനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | തിരക്കേറിയ ജംഗ്ഷനുകളിൽ കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ട് സൃഷ്ടിച്ചു കൊണ്ട് സീബ്രാലൈനിലേക്ക് വാഹനങ്ങൾ കയറ്റി നിർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനായി പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ വഴിയും അല്ലാതെയും കുറ്റക്കാർക്കെതിരെ പെറ്റി കേസുകൾ ചുമത്തി പിഴ ഈടാക്കി വരുന്നു. കൂടാതെ ഇക്കാര്യത്തെ കുറിച്ച് അവബോധം നൽകുവാൻ ആവശ്യമായ ബോധവൽക്കരണം ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കും നൽകി വരുന്നു. |
| (സി) | സീബ്രാലൈനിൽ കാൽനട യാത്രക്കാരെ ഇടിച്ചു വീഴ്ത്തിയ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) 35 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഒരു മരണം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ച വിവരം ചുവടെ ചേർക്കുന്നു.<br>കൊല്ലം സിറ്റി - 1, എറണാകുളം സിറ്റി- 3, മലപ്പുറം-4(1 മരണം), കോഴിക്കോട്സിറ്റി - 27 |

സെക്ഷൻ ഓഫീസർ